പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3371 — 23-06-2014-ൽ മറുപടിക്ക്

## എക്സൈസ് വകുപ്പിൽ ഇ-പേയ്മെന്റ് സമ്പ്രദായം

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. സി. പി. മുഹമ്മദ്:<br>" ഷാഫി പറമ്പിൽ:<br>" ലൂഡി ലൂയിസ്:<br>" എം. പി. വിൻസെന്റ്: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) എക്സൈസ് വകുപ്പിൽ ഇ-പേയ്മെന്റ് സമ്പ്രദായം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) എക്സൈസ് വകുപ്പിൽ ഇ-പേയ്മെന്റ് സമ്പ്രദായം 04-01-2012 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (ബി) വാണിജ്യ നികുതി വകുപ്പിന്റെ ഇ-പേയ്മെന്റ് സംവിധാനമായ KVATIS എന്ന സോഫ്റ്റ്വെയർ കസ്റ്റമൈസ് ചെയ്ത് ഒരു പുതിയ മൊഡ്യൂൾ രൂപീകരിച്ച് എക്സൈസ് വകുപ്പും ഇ-പേയ്മെന്റ് സംവിധാനം നടപ്പിൽ വരുത്തിയിട്ടുണ്ട്. ആയതിന് 5.20 ലക്ഷം രൂപ ചെലവായി. ഇ-പേയ്മെന്റിന് ആവശ്യമായ ഭേദഗതികൾ ബന്ധപ്പെട്ട ചട്ടങ്ങളിൽ കൊണ്ടു വന്നിട്ടുണ്ട്. |
| (സി) ഇ-പേയ്മെന്റ് വിജയകരമാകും എന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇത് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) ഇ-പേയ്മെന്റ് സംവിധാനം മുഖാന്തിരം വിവിധയിനം ഫീസുകൾ ഇപ്പോൾ ഫലപ്രദമായ രീതിയിൽ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ആഫീസർ